ഖുത്ബ
3.8.2007
ബയ്ത്തുൽ ഫുത്വൂഹ്, ലണ്ടൻ

# ലണ്ടൻ ജൽസ സമാപിച്ചു; അല്ലാഹുവിന് നന്ദി

**ക**ഴിഞ്ഞ ഞായറാഴ്ച യുകെയുടെ 41-ാമത് ജൽസ സാലാന അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമംഗളം സമാപിച്ചത് അവന്റെ അളവറ്റ ഔദാര്യമാണ്. പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ജൽസ സാലാന, അഖിലലോക ജൽസയുടെ നിലയിലേക്കുയർന്നുകഴിഞ്ഞിരിക്കുന്നു. ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതുപോലെ കാലത്തിന്റെ ഖലീഫ ഇവിടെ നിലനില്ക്കുവോളം ഈ ജൽസയ്ക്ക് അഖിലലോക ജൽസയുടെ സ്ഥാനം ഉണ്ടായിരിക്കുന്നതാണ്. ഇതനുസരിച്ച് യുകെ ജമാഅത്തിന്റെ ഉത്തരവാദിത്തവും കൂടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിലെ ഓരോ വ്യക്തിയും, പുരുഷന്മാരും സ്ത്രീകളും കുട്ടികളും യുവാക്കളുമെല്ലാം ആ ഉത്തരവാദിത്തത്തെ നല്ലവണ്ണം മനസ്സിലാക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നു. ഈ അതിഥികളെ ഏതെങ്കിലും വിധത്തിൽ സേവിച്ചിട്ടുള്ളതും ഇപ്പോൾ സേവിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ ഉദ്യോഗസ്ഥന്മാർക്കും അല്ലാഹു നല്ല പ്രതിഫലം നല്കുമാറാകട്ടെ. ജൽസ നടക്കുന്നതിന് ആഴ്ചകൾക്കു മുമ്പേ മഴ തുടങ്ങിയിരുന്നു. ജൽസ ദിനങ്ങളിലും അസാധാരണമായ നിലയിൽ മഴയുണ്ടായത് പങ്കെടുത്ത എല്ലാവരും കണ്ടതാണ്. എന്നല്ല, മോശമായ കാലാവസ്ഥയും അതിന്റെ അവസ്ഥയും പരിപാടികൾ കേട്ടുകൊണ്ടിരുന്ന ലോകത്തിലെ ഓരോ അഹ്മദിയും എം.ടി.എ മുഖേനയും ദർശിച്ചു. മോശമായ കാലാവസ്ഥകൊണ്ട് ഈ ജൽസയ്ക്ക് ചില ബുദ്ധിമുട്ടുകളുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ജൽസയിൽ പങ്കെടുത്തവർ ചില വിഷമങ്ങൾ സഹിക്കേണ്ടതായും വന്നു. പ്രത്യേകിച്ച് കാറുകളുടെ പാർക്കിംഗ് സംവിധാനം അലങ്കോലപ്പെട്ട കാരണത്താൽ വളരെ ബുദ്ധിമുട്ടുകളാണുണ്ടായത്. എന്നിട്ടും അല്പം ചിലരൊഴികെ ജൽസയിൽ പങ്കെടുത്ത ബഹുഭൂരിഭാഗമാളുകളും സംഘാടകരോട് ഒരു പരാതിയും പറഞ്ഞിട്ടില്ല. പൊതുവെ എല്ലാ അതിഥികളും ഉത്സാഹമാണ് കാണിച്ചത്. എങ്കിലും പങ്കെടുത്തവരിൽ ചിലരിൽനിന്നുണ്ടായ അനിഷ്ടകരമായ ചില സംഭവങ്ങളും എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. നവഅഹ്മദികളിലും അന്യരിലും നല്ലൊരു മാതൃക സൃഷ്ടിക്കാൻ അവർ ശ്രമിച്ചില്ല. ഒരു കാര്യം നാം ഓർക്കണം. നമ്മൾ അഴുക്കൊന്നും പതിഞ്ഞിട്ടില്ലാത്ത വെള്ളമുണ്ടുപോലെയാണ്. അതിലൊരു കറുത്തപുള്ളി വീണാൽ അതെടുത്തു കാണിക്കും. അതുകൊണ്ട് നല്ല സ്വഭാവം കാഴ്ചവയ്ക്കാൻ ഒരഹ്മദി ഒരുപാട് ശ്രമിക്കേണ്ടതാണ്. ഒരഹ്മദിക്ക് ക്ഷമയും സഹിഷ്ണുതയും പ്രത്യേകമായ നിലയിലുണ്ടായിരിക്കണം. തന്റെ നില ഒരഹ്മദിയുടെ നിലയാണെന്ന ബോധം എപ്പോഴും ഉണ്ടാവണം. ഡ്യൂട്ടിയിൽ ആരുമില്ലാത്ത അവസ്ഥയിൽ അക്ഷമരായ ആരെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടാക്കാൻ ശ്രമിക്കുകയാണെങ്കിൽ, "ഏതൊരുദ്ദേശ്യത്തിനായിട്ടാണോ നിങ്ങൾ ഇവിടെ വന്നത് അത് ഈ രീതിയിൽ പ്രവർത്തിക്കാൻ നിങ്ങൾക്ക് അനുവാദം തരുന്നില്ലാ"യെന്ന് പറഞ്ഞ് അവർക്ക് കാര്യം മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

എന്തായാലും, അത്തരമൊരു കാഴ്ച ഇവിടെയുണ്ടായി എന്നത് ശരിയാണെങ്കിൽ അത് പ്രകടിപ്പിച്ച ആളുകൾ അല്ലാഹുവിനോട് ഒരുപാട് പാപപ്പൊറുതി തേടേണ്ടതാണ്. പൊതുവെ ജനങ്ങൾ കാര്യങ്ങളെല്ലാം ശരിക്കും മനസ്സിലാക്കുകയും സംഘാടകരുമായി നല്ലവണ്ണം സഹകരിക്കുകയും ചെയ്തു എന്നതാണ് വസ്തുത. ക്ഷമാശീലം കാണിച്ച എല്ലാവർക്കും അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. ചിലയിടത്ത് ഒരുപാട് ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നിട്ടുണ്ടെന്ന് എനിക്കറിയാം. എന്തായാലും ഈ മോശമായ കാലാവസ്ഥ മറ്റൊരു വലിയ പാഠം സംഘാടകർക്കും നല്കുകയുണ്ടായി. ചില അവസ്ഥകളിൽ കാലാവസ്ഥ മോശമാകുമ്പോൾ ഇങ്ങനെയൊക്കെയും ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്ന് അവർക്ക് നല്ലവണ്ണം മനസ്സിലാക്കാൻ കഴിഞ്ഞു.

ഇസ്ലാമാബാദിലായിരുന്നു മുമ്പേ ജൽസ നടന്നിരുന്നത്. ആദ്യം അവിടെ ജൽസ നടന്നപ്പോൾ കുറവുകൾ ഉണ്ടായിരുന്നെങ്കിലും പിന്നീട് അതെല്ലാം പരിഹരിച്ച് സുഗമമായ നിലയിൽ ജൽസ നടത്തിവന്നു. അന്നൊന്നും കാലാവസ്ഥ ഇത്രമാത്രം ബാധിച്ചിരുന്നില്ല. കാറുകളുടെ ഓട്ടവും ആളുകളുടെ നടത്തവും കാരണം അവിടുത്തെ മണ്ണും നല്ലവണ്ണം ഉറച്ചുകഴിഞ്ഞിരുന്നു. നല്ല റോഡ് അടുത്തുണ്ടായിരുന്നു. പാർക്കിംഗിന് നല്ല സ്ഥലം കിട്ടിയിരുന്നു. റശ്മൂർ അറേന അൽഡർഷോട്ടിൽ 2005ൽ ജൽസ നടന്നു. അവിടെ സർക്കാരിന്റെ വക സ്ഥലമുണ്ടായിരുന്നു. വലിയ ഫംഗ്ഷൻ സംഘടിപ്പിക്കുന്നതിനുവേണ്ടിയാണ് അവർ ആ സ്ഥലം തയ്യാറാക്കിവച്ചിട്ടുള്ളത്. അന്നും ജൽസ ദിനങ്ങളിൽ മഴയില്ലായിരുന്നു. ഈ വർഷം പെയ്തതുപോലെ ആഴ്ചകളോളം തോരാമഴ പെയ്തിരുന്നില്ല. അതുകൊണ്ട് മോശമായ കാലാവസ്ഥയിൽ എന്താണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ച് സംഘാടകർക്ക് അറിവ് കിട്ടിയിരുന്നില്ല. എന്തായാലും ഇപ്രാവശ്യം ഇത്തരമൊരവസ്ഥ സൃഷ്ടിച്ചുകൊണ്ട് നടത്തിപ്പുപരമായ ഒരുപാട് കാര്യങ്ങളിലേക്ക് സംഘാടകരുടെ ശ്രദ്ധയും ക്ഷണിച്ചിരിക്കുകയാണ്. ഈ വർഷം അമീർ സാഹിബുൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർ ജൽസയിലെ മൂന്നുനാലു

ദിനങ്ങളിൽ വളരെ കഷ്ടപ്പാട് സഹിച്ചു. ഭാവിയിൽ ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് മെച്ചപ്പെട്ട സംവിധാനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമെന്ന് കരുതുകയാണ്.

അല്ലാഹുവിൽനിന്ന് നമുക്കെന്തു പരീക്ഷണമുണ്ടായാലും അത് നമ്മുടെ പ്രവർത്തികളിൽ നല്ലനല്ല വഴികൾ തുറക്കുകയാണ് ചെയ്യുന്നത്. നമ്മുടെ മുമ്പിൽ വരുന്ന ഓരോ വീഴ്ചകളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് നികത്താൻ കഴിയും. ഇൻശാഅല്ലാഹ് എല്ലാ കുറവുകളും പരിഹരിക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് പരിഹരിക്കുമെന്നു മാത്രമല്ല ആഴത്തിൽ ചെന്നുചിന്തിക്കുമ്പോൾ ഇനിയുണ്ടാകാൻ സാധ്യതയുള്ള മറ്റു കാര്യങ്ങളേയും മുന്നിൽ കണ്ട് അതിനേയും പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നമ്മുടെ മുമ്പിൽ വരുന്നതാണ്.

ഭൂരിഭാഗം ആളുകളുടേയും അഭിപ്രായം ഈ വർഷം അല്ലാഹു 2008-ൽ നടക്കാൻ പോകുന്ന ജൽസയുടെ ഒരുക്കങ്ങൾ എല്ലാതരത്തിലും മെച്ചപ്പെട്ടതാക്കാനുള്ള അറിവ് നല്കുകയായിരുന്നു എന്നാണ്. ഇത് ശരിയുമാണ്. ഇതുവരെയുണ്ടായിട്ടുള്ളതിനേക്കാൾ നാലഞ്ചായിരം ആളുകൾ അടുത്തവർഷം കൂടുതൽ പങ്കെടുക്കാൻ സാധ്യതയുണ്ട്. ബ്രിട്ടീഷ് എംബസി വിസ നല്കാൻ തുറന്നമനസ്സ് കാണിച്ചാൽ അതിനേക്കാൾ കൂടുതൽ ആളുകൾ പങ്കെടുക്കുമെന്നും കരുതുന്നവരുണ്ട്. അപ്പോൾ സാധാരണ വരുന്നതിനേക്കാൾ എട്ടുപത്തായിരം ആളുകൾ കൂടുതൽ പങ്കെടുക്കുന്നതാണ്. ആളുകൾ എത്ര കൂടുതൽ വന്നാലും യുകെ ജമാഅത്തിന് അവരെയെല്ലാം നന്നായി പരിചരിക്കാൻ കഴിയുന്നതാണ്. ചില പോരായ്മകൾ ഇപ്പോൾ വെളിപെടുമ്പോൾ, ഞാൻ പ്രതീക്ഷിക്കുന്നത് ഇതിനെയെല്ലാം പരിഹരിച്ച് കൂടുതൽ നന്നായി സേവനം ചെയ്യാൻ കഴിവാർജ്ജിക്കുമെന്നാണ്. എല്ലാ ഏർപ്പാടുകളുടേയും നിലവാരവും ആദ്യത്തേക്കാൾ മെച്ചപ്പെടുത്താൻ കഴിയും.

ഈ വർഷം മോശമായ കാലാവസ്ഥ കണ്ടുകൊണ്ട്, മഴ കാരണത്താൽ ഹദീഖത്തുൽ മഹ്ദിയിലുണ്ടായ മണ്ണിന്റെ മാറ്റം പരിഗണിച്ച്, പകരം ഏർപ്പാടുചെയ്യാനുള്ള തീരുമാനം എടുത്തിരുന്നതാണ്. ഹദീഖത്തുൽ മഹ്ദിയിൽനിന്ന് രണ്ടുമൂന്നു മൈൽ ദൂരെ ഒരു സ്ഥാപനത്തിന്റെ പാർക്കിംഗ് സൗകര്യം നാം വാങ്ങിയിരുന്നു. പക്ഷേ, പിന്നീട് കാറിൽ വരുന്നവർ യാത്രക്കാരെ ഹദീഖത്തുൽമഹ്ദിയിൽ ഇറക്കിയതിനുശേഷം ദൂരെ തയ്യാറാക്കിയ പാർക്കിംഗ് സ്ഥലത്തുപോയി പാർക്ക് ചെയ്യാനും ഡ്രൈവറെ ബസ്സിൽ സമ്മേളനനഗരിയിൽ എത്തിക്കാനും തീരുമാനിച്ചത് അബദ്ധമായിപ്പോയി. ക്യൂ അനുസരിച്ച് യാത്രക്കാരെ ഇറക്കാൻ ഇക്കാരണത്താൽ ഒരുപാട് സമയം വേണ്ടിവന്നു. അപ്പോൾ അവിടെ തിരക്കനുഭവപ്പെട്ടു. റോഡ് ബ്ലോക്കാകാൻ തുടങ്ങി. ഇതുമുഖേന പോലീസുകാർ വെപ്രാളം കാണിച്ചു. വാസ്തവത്തിൽ ഇതിവിടെ സാധാരണമാണ്. ഫുട്ബാൾ മാച്ചുണ്ടാകുമ്പോഴും മറ്റു പരിപാടി ഉണ്ടാകുമ്പോഴും ഇവിടെ ബ്ലോക്കുണ്ടാകാറുള്ളതാണ്. എന്നാൽ, ഇവിടെ മുസ്‌ലിംകളുടെ പരിപാടി എന്നതായിരുന്നു പ്രശ്നം. അതുകൊണ്ട് കൂടുതൽ വെപ്രാളം അവർ കാണിച്ചു. അടുത്തുള്ള രണ്ട് ചെറിയ പ്രദേശങ്ങളുടെ വീടുകൾക്കു മുമ്പിലും കാറുകൾ പാർക്ക് ചെയ്യാൻ തുടങ്ങി. കൂടുതൽനേരം കാറുകൾ അവിടെ നിറുത്തിയിടേണ്ടിവന്നു. അപ്പോൾ വീട്ടുകാരിലും അസ്വസ്ഥത പരന്നു. എന്തായാലും നമ്മൾ ഏർപ്പെടുത്തിയ സൗകര്യം പ്രതീക്ഷിച്ചത്ര വിജയിച്ചില്ല. പിന്നീട് തിരിച്ചുപോകുമ്പോഴും യാത്രക്കാരെ അവരുടെ വാഹനങ്ങൾ പാർക്കുചെയ്യുന്ന സ്ഥലത്തേക്ക് ബസ്സിലൂടെ എത്തിക്കുമ്പോഴും കുറച്ച് അസ്വാരസ്യങ്ങളുണ്ടായി. പൊതുവായ നിലയിൽ നോക്കിയാൽ എല്ലാവരും സുഖകരമായനിലയിലാണ് തിരിച്ചുപോയത്. പക്ഷേ, പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കുറച്ചാളുകൾ എപ്പോഴുമുണ്ടാകും. ഇവർ കാരണത്താൽ അല്പസമയത്തേക്കാണെങ്കിലും അസ്വാരസ്യങ്ങളുണ്ടാകാറുണ്ട്. അക്കാരണത്താൽ യാത്രക്കാരായ സ്ത്രീകളും കുട്ടികളും പുരുഷന്മാരും കുറച്ചു പരിഭ്രമിച്ചുപോയി. അതുകൊണ്ട് സംഘാടകരും ബുദ്ധിമുട്ടി. അതിനാൽ, താൽക്കാലികമായ ആ ബുദ്ധിമുട്ട് കൂടുതലായി പ്രകടമാകാൻ തുടങ്ങി. ഓരോരുത്തരും അവരവരുടേതായ ഓരോ കഥ മെനഞ്ഞുണ്ടാക്കി. പകൽ സമയത്ത്, പോലീസുകാരുടെ നടപടികൾകൊണ്ടും കുറച്ച് വിഷമങ്ങൾ നേരിട്ടു. എന്തായാലും, ഇത്രയുമടുത്ത് പാർക്കിംഗ് സംവിധാനം ചെയ്യുന്നത് ശരിയല്ലെന്ന് സംഘാടകർക്ക് നല്ലവണ്ണം ബോധ്യമായി. ഒന്നുകിൽ വാഹനങ്ങൾക്ക് നേരെവന്നു പാർക്കുചെയ്യാൻ കഴിയണം. അല്ലെങ്കിൽ പാർക്കിംഗ് സ്ഥലത്ത് ഏതെങ്കിലും ഷെഡ്ഡുണ്ടാക്കുകയും ചായയും മറ്റും ലഭിക്കാനുള്ള ഏർപ്പാടുണ്ടാക്കുകയും അവിടെനിന്ന് ബസ്സുകളിൽ എല്ലാ ആളുകളേയും ജൽസ ഗാഹിൽ കൊണ്ടുവരാനുള്ള സൗകര്യമൊരുക്കുകയും വേണം. നമ്മൾ ചെയ്ത പദ്ധതി വേണ്ടവിധം വിജയിച്ചില്ല. കാരണം അത് പെട്ടെന്നെടുത്ത ഒരു തീരുമാനമായിരുന്നു. എന്നല്ല വളണ്ടിയർമാരുടെ കുറവും ഉണ്ടായിരുന്നു.

വീടുകളുടെ മുമ്പിൽ കാറുകൾ കൂടുതൽ സമയം പാർക്ക് ചെയ്ത കാരണത്താൽ- ചിലർ റോഡിലും വാഹനങ്ങൾ പാർക്ക് ചെയ്തിരുന്നു- ബുദ്ധിമുട്ടുണ്ടായി. യാത്രക്കാരെ കൊണ്ടുവരികയും കൊണ്ടുപോകുകയും ചെയ്യുമ്പോഴും ചില അസ്വാരസ്യങ്ങളുണ്ടായി. അത് അക്ഷമ കൊണ്ടായിരുന്നു. അതിനാൽ അത് ഡിസിപ്ലിനേയും ബാധിച്ചു. വഴി തടസ്സമുണ്ടായി. ഒരു അഹ്മദിയെ സാധാരണ ഒരാളായിട്ടല്ല ജനങ്ങൾ കാണുന്നത്. ജമാഅത്തിലെ അംഗമാണെന്ന നിലയിലാണ്. ഇത് ഓരോ അഹ്മദിയും മനസ്സിലാക്കേണ്ടതാണ്. പ്രത്യേകിച്ച് ജമാഅത്തിന്റെ പരിപാടികളിൽ. എന്നല്ല, ഏത് അഹ്മദിയുടേയും ഏത് പ്രവർത്തനവും ജമാഅത്തിനെ ബാധിക്കുന്നതാണ്. ഒരാൾ എന്തെങ്കിലും ചെയ്താൽ അത് ഇന്നയാൾ ചെയ്തുവെന്ന് പറയാറില്ല. മറിച്ച്, അന്യ

രുടെ ദൃഷ്ടിയിൽ അത് ചെയ്യപ്പെട്ടാൽ ഉടനെ അവർ പറയുന്നത് അഹ്മദി അത് ചെയ്തുവെന്നായിരിക്കും. അതുകൊണ്ട് ഓരോ അഹ്മദികളും ഇക്കാര്യം എപ്പോഴും മനസ്സിൽ വെക്കേണ്ടതാണ്. അടുത്തദിവസത്തെ അനുഭവത്തിൽനിന്നും മനസ്സിലായത് ആദ്യമേ തന്നെ പാർക്കിംഗ് സംവിധാനം ഇസ്ലാമാബാദിലും, ലണ്ടൻകാർക്ക് ബയ്ത്തുൽഫുത്തൂഹിലും വേണ്ടിയിരുന്നുവെന്നാണ്. ബസ്സുകൾ പുറപ്പെടാൻ സൗകര്യമുള്ള മറ്റുചില സ്ഥലങ്ങളിലും ഇതിനുള്ള ഏർപ്പാട് ചെയ്യാമായിരുന്നു. ഇപ്രകാരം അടുത്തവർഷം ഹദീഖത്തുൽമഹ്ദിയിലെ പാർക്കിംഗിനുവേണ്ടി ഇപ്പോൾ മുതൽ ഒരുക്കം നടത്തേണ്ടതാണ്. കുറച്ചു കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യം ഹദീഖത്തുൽ മഹ്ദിയിൽ രണ്ടു ദിവസം ഒരുക്കിയിരുന്നു. പക്ഷേ, ചളി കാരണം ഒരുപാട് കാറുകൾ വളരെ പ്രയാസപ്പെട്ടാണ് അവിടെനിന്ന് പുറത്തെടുത്തത്. ഇനി പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇസ്ലാമാബാദിൽനിന്നും ലണ്ടനിൽനിന്നും ബസ്സ് മുഖേന പ്രതിനിധികളെ കൊണ്ടുവരാൻ ഏർപ്പാട് ചെയ്താൽ രണ്ടായിരം മൂവായിരം കാറുകൾക്ക് ഹദീഖത്തുൽമഹ്ദിയിൽ പാർക്ക് ചെയ്യാനുള്ള സൗകര്യം ചെയ്യാൻ കഴിയും.

നിത്യവും വന്നുപോകുന്നവരുടെ കാറുകൾക്ക് അവിടെ പാർക്ക് ചെയ്യാവുന്നതാണ്. ഇസ്ലാമാബാദിൽ കാറുകൾ പാർക്ക് ചെയ്യാൻ കഴിയുന്നവർ അവിടെ പാർക്ക് ചെയ്യുക. എന്നാൽ, ബസ്സുകളിൽ വരുമ്പോൾ അവിടങ്ങളിലുള്ളവർക്കും ബുദ്ധിമുട്ടുണ്ടാകുകയില്ല. ചെറിയ റോഡുകളും ബ്ലോക്കാകുകയില്ല. പോലീസും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയില്ല. സാധനങ്ങളും മറ്റു വസ്തുക്കളും കൊണ്ടുവരുന്ന വണ്ടികളുടെ വഴികളും തടസ്സമാകുകയില്ല. ഇസ്ലാമാബാദിൽനിന്നും വരുന്ന ബസ്സുകൾക്കും വേഗം ഹദീഖത്തുൽമഹ്ദിയിലെത്താൻ കഴിയും. ഇങ്ങനെ എല്ലാ രീതിയിലും ജനങ്ങൾ ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷപ്പെടും. ഹദീഖത്തുൽ മഹ്ദിയിൽ ചില കാര്യങ്ങൾ ചെയ്യാൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. ഭക്ഷണം പാകം ചെയ്യാൻ ഏർപ്പാട് ചെയ്തിട്ടുള്ളത് ഇസ്ലാമാബാദിലാണ്. അവിടെനിന്നാണ് ഇവിടെ ഭക്ഷണം കൊണ്ടുവരുന്നത്. അവിടെ താമസിക്കുന്ന അതിഥികൾക്കും അവിടെത്തന്നെയാണ് ഭക്ഷണത്തിനുള്ള ഏർപ്പാട്. ഇൻശാഅല്ലാഹ് അടുത്തവർഷം ഖിലാഫത്ത് ജൂബിലിയുടെ ജൽസയാണ് വരാൻപോകുന്നത്. അതുകൊണ്ട് സംഘാടകർക്കും ജമാഅത്തംഗങ്ങൾക്കും ഇതിന്റെ അടിസ്ഥാനത്തിൽ തങ്ങളെ തയ്യാറാക്കിയെടുക്കേണ്ടിവരും. കഴിയുന്നത്ര നല്ല സംവിധാനത്തോടുകൂടി ജൽസയുടെ എല്ലാ പരിപാടികളും നടത്താൻ എങ്കിലേ കഴിയൂ.

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ആഫ്രിക്കയിലേയും പാക്കിസ്ഥാനിലേയും ഖാദിയാനിലേയും ജൽസയെ ഉദാഹരണമെന്നോണം പറഞ്ഞിരുന്നു; അവരെങ്ങനെയാണ് ക്ഷമ കാണിച്ചിരുന്നതെന്നും മറ്റും. ഈ ജൽസയിൽ ആ മാതൃക ഇവിടെയുള്ളവരിലും വെളിയിൽനിന്നുവന്ന പ്രതിനിധികളിലും കാണാൻ കഴിഞ്ഞു. സ്ത്രീകളും കുട്ടികളും ബസ്സുകൾ പ്രതീക്ഷിച്ച് മണിക്കൂറുകളോളം വഴിയിൽ നനഞ്ഞ് കുതിർത്തു. ഒരു പരിഭ്രാന്തിയും കാണിക്കാതെ അവർ ക്ഷമയോടെ ബസ്സുകൾ കാത്തുനിന്നു. നിസ്സാര ചില സംഭവങ്ങൾ പൊതുവെയുണ്ടായിട്ടുണ്ടാകും. പക്ഷേ, അവരതൊന്നും ഗൗനിക്കാതെ നില്ക്കുകയായിരുന്നു. ചിലർ നാലഞ്ച് മണിക്കൂറുകളോളം ഒരേ നില്പ് നിന്നു. മിക്കവരും രാത്രിയിലെ ഭക്ഷണവും കഴിച്ചിട്ടുണ്ടായിരുന്നില്ല. ഞാനും കുറച്ചുനേരത്തേക്ക് അവരുടെ അടുക്കൽ പോയിരുന്നു. അങ്ങേയറ്റം അനുകൂല കാലാവസ്ഥയിൽ നില്ക്കുന്നതുപോലെ അവരെന്നെനോക്കി ചിരിക്കുകയും സന്തോഷിക്കുകയും ചെയ്തു. ആ സമയത്തും നല്ല മഴ പെയ്യുന്നുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ജമാഅത്ത് ഒരത്ഭുത ജമാഅത്താണ്. കുട്ടികളും സ്ത്രീകളും വൃദ്ധരും മഴയത്ത് നില്ക്കുന്നത് കണ്ടപ്പോൾ എനിക്ക് അങ്ങേയറ്റം വിഷമമുണ്ടായി. എന്നല്ല, രാത്രി മുഴുവൻ ഞാൻ അസ്വസ്ഥനായിരുന്നു. ഈ കാലാവസ്ഥയുടെ ദോഷം അവരെ ബാധിക്കാതിരിക്കാൻ ഞാൻ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവിൽനിന്ന് സമാധാനമുണ്ടാകേണമേ എന്ന് യാചിച്ചുകൊണ്ടിരുന്നു. അടുത്തദിവസത്തെ ഹാജർനില കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. അല്ലാഹുവിന്റെ ഫള്ൽ ഉണ്ടായി. പൊതുവെ ജനങ്ങൾ മോശമായ കാലാവസ്ഥയിലും അങ്ങേയറ്റം സുരക്ഷിതരായിരുന്നു. അതവരുടെ മുഖത്ത് കാണാമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലും നമ്മൾ അല്ലാഹുവിനോട് കൂടുതൽ കൂടുതൽ നന്ദി കാണിക്കണം. അവൻ മോശമായ കാലാവസ്ഥയുടെ ഉപദ്രവത്തിൽനിന്ന് മൊത്തത്തിൽ നമ്മെ സുരക്ഷിതരാക്കിവെച്ചു.

ഞാൻ പറഞ്ഞതുപോലെ ഒന്നോ രണ്ടോ ഒഴികെ ജൽസയിൽ പങ്കെടുത്ത ആരും ജൽസയുടെ ഒരുക്കത്തെ സംബന്ധിച്ച് പരാതിയൊന്നും ബോധിപ്പിച്ചിട്ടില്ല. പെട്ടെന്ന് ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നതിനാൽ അതിഥികൾക്ക് സമയത്ത് ഭക്ഷണം കിട്ടിയിരുന്നില്ലായെന്നും എനിക്കറിയാൻ കഴിഞ്ഞു. മഴ കാരണത്താൽ ഇസ്ലാമാബാദിൽ പന്തലിട്ട് ചില അതിഥികൾക്ക് ജൽസ കേൾക്കാനുള്ള സംവിധാനമുണ്ടാക്കിയിരുന്നു. ബയ്ത്തുൽ ഫുത്തൂഹിലും സംവിധാനം ചെയ്തിരുന്നു. ചിലർ അബദ്ധത്താൽ മസ്ജിദ് ഫസ്ലിലും എത്തിയിരുന്നു. അവിടെനിന്ന് തങ്ങളെ ജൽസ ഗാഹിലേക്ക് ബസ്സിൽ കൊണ്ടുപോകാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ടാകുമെന്നാണ് അവർ കരുതിയത്. പക്ഷേ, അവിടെ അതിനുള്ള സംവിധാനം ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവിടെ വന്നവർ കുറച്ചു ബുദ്ധിമുട്ടി. ഇവിടെ നേരിട്ട ബുദ്ധിമുട്ടുകൾക്കെല്ലാം അമീർ സാഹിബും സംഘാടകരും നിങ്ങളോട് ഖേദം പ്രകടിപ്പിച്ചിരിക്കുന്നു. ഏതെങ്കിലും രീതിയിൽ ബുദ്ധിമുട്ടനുഭവിക്കേണ്ടിവന്ന എല്ലാ അതിഥികളും തങ്ങളുടെ പാരമ്പര്യം നിലനിറുത്തിക്കൊണ്ട് സംഘാടകർക്കുണ്ടായ വീഴ്ചകൾ പൊറുത്തു

കൊടുക്കുമെന്നും മാപ്പാക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ഞാൻ പറയുകയുണ്ടായി പോലീസ് കാരണത്താലും ചില കാര്യങ്ങൾ തകരാറിലായി. അവർ കുറച്ച് വെപ്രാളം കാണിച്ചു. കഴിഞ്ഞവർഷവും ഇങ്ങനെയുണ്ടായിരുന്നു. പക്ഷേ, അന്നത്തെ പോലീസ് ഓഫീസർ കുറച്ചു മയമുള്ള വ്യക്തിയായിരുന്നു. ഈ വർഷവും അത്തരമൊരാളായിരുന്നുവെങ്കിൽ 75% പ്രശ്നങ്ങളും സുഖകരമായി പരിഹരിക്കപ്പെടുമായിരുന്നു. എന്തായാലും ഇത് നമുക്കൊരു പാഠമാണ്. ഓരോ പ്രവൃത്തിയിലും ആഴത്തിലിറങ്ങി ചിന്തിക്കേണ്ടുന്ന കാര്യമുണ്ടെന്ന് മനസ്സിലായി.

സർക്കാരുദ്യോഗസ്ഥന്മാരെ വിശ്വസിച്ചുകൊണ്ടു മാത്രം പ്രവർത്തിക്കാൻ പാടില്ല. ഓരോരുത്തരുടേയും സ്വഭാവം വിഭിന്നമാണ്. അതുകൊണ്ട് പരിപാടികൾ തയ്യാറാക്കുമ്പോൾ ഏറ്റവും മോശപ്പെട്ട അവസ്ഥ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം തയ്യാറാക്കേണ്ടത്. അങ്ങനെ വരുമ്പോൾ വളരെ കുറച്ചു ബുദ്ധിമുട്ടു മാത്രമേ സഹിക്കേണ്ടി വരികയുള്ളൂ. ഞാനിത് പറയുമ്പോൾ വളരെ വലിയ തോതിൽ ഇതെല്ലാം ഉണ്ടായിയെന്ന് ധരിക്കരുത്. വളരെ ചെറിയ തോതിലെ ഞാൻ പറഞ്ഞ കാര്യങ്ങൾ സംഭവിച്ചിട്ടുള്ളൂ. എങ്കിലും ഏറ്റവും ഉന്നതിയിലേക്ക് നമ്മുടെ ചുവടുകൾ ഉർന്നുപോകണമെന്ന ഉദ്ദേശ്യത്തോടെയാണ് ഞാനിക്കാര്യങ്ങൾ പറയുന്നത്.

പൊതുവെ ജൽസയുടെ പരിപാടികൾ വളരെ നല്ലതായിരുന്നു. പോരായ്മകൾ മുന്നിൽ കാണുമ്പോൾ അത് പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. ഇൻശാഅല്ലാഹ്. പങ്കെടുത്തവരിൽ അധികവും ചില പോലീസുദ്യോഗസ്ഥന്മാരും ജൽസയുടെ ഏർപ്പാടുകളെ അനുമോദിക്കുകയുണ്ടായി. നമ്മൾ അതിനും നന്ദി കാണിക്കേണ്ടതാണ്. അല്ലാഹു നമ്മുടെ പരിശീലനത്തിനുള്ള സാഹചര്യമൊരുക്കിത്തരികയാണ്. എപ്പോഴും ഏതെങ്കിലും രീതിയിൽ അല്ലാഹു ഇങ്ങനെ സാഹചര്യമൊരുക്കിത്തരാറുണ്ട്. ബലഹീനതകൾ മുന്നിൽകണ്ടുകൊണ്ട് ഉന്നതിയിലേക്ക് ചുവടുവയ്ക്കുക എന്നതാണ് ഒരു സത്യവിശ്വാസിയുടെ ജോലി. ജൽസ കഴിഞ്ഞുള്ള അടുത്ത ഖുത്ബയിൽ ഉദ്യോഗസ്ഥന്മാർക്ക് നന്ദി രേഖപ്പെടുത്തുക എന്നത് എന്റെ സമ്പ്രദായമാണ്. അതുകൊണ്ട് എല്ലാ നാസിമുമാർക്കും മുൻതസിമുമാർക്കും മുആവിനീംകൾക്കും നന്ദി രേഖപ്പെടുത്തുന്നു. എല്ലാവരും കഠിനാധ്വാനം ചെയ്തു. വിവിധ പ്രവർത്തനവിഭാഗങ്ങളിൽപ്പെട്ട വളണ്ടിയർമാരും അവരിലുണ്ട്. ഭക്ഷണം പാകം ചെയ്യുക, അത് വിളമ്പുക, അത് വിവിധ താമസസ്ഥലങ്ങളിൽ എത്തിക്കുക, യാത്രാസൗകര്യമേർപ്പെടുത്തുക, ശുചിത്വം പാലിക്കുക, വെള്ളത്തിനുള്ള സൗകര്യം ചെയ്യുക, താമസം സൗകര്യം ചെയ്യുക. ഇങ്ങനെ നിരവധി പ്രവർത്തനമേഖലകളാണുള്ളത്. ഇവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം വളണ്ടിയർമാരുമുണ്ടായിരുന്നു. ഓരോരുത്തരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ തങ്ങളുടെ കഴിവനുസരിച്ച് വളരെ നല്ലനിലയിൽ പ്രവർത്തിച്ചു. മോശമായ കാലാവസ്ഥ അവരുടെ ജോലിക്ക് തടസ്സമായില്ല. ഓരോരുത്തരും യാതൊരു ഒഴികഴിവും കൂടാതെ എല്ലാത്തരം ജോലിയും ചെയ്തു. ഇവിടുത്തെ ജന്മനാ അഹ്മദികൾ- അവരെക്കുറിച്ച് മാതാപിതാക്കൾ ചിന്താകുലരാണ്. ജമാഅത്തിനോട് നല്ല ബന്ധം കാണിക്കാതിരിക്കുമോ എന്നവർ ഭയപ്പെടുന്നു. വിദ്യാസമ്പന്നരായിട്ടുള്ളവരും അവരിലുണ്ട്- പക്ഷേ, എല്ലാവരും നല്ലനിലയിൽ പ്രവർത്തനം കാഴ്ചവച്ചു. എല്ലാ വളണ്ടിയർമാരും വേതനം വാങ്ങുന്ന ജോലിക്കാരേക്കാളധികം അധ്വാനിച്ചു. അവരിൽ ചിലരാണെങ്കിൽ ഇത്രയധികം ചളി ജീവിതത്തിലാദ്യമായി കാണുന്നവരായിരുന്നു. ഇത് കാണുക മാത്രമല്ല അതിലിറങ്ങി നിന്നുകൊണ്ടവർ പ്രവർത്തിച്ചു. ചളിയിലാണ്ടുപോയ കാറുകൾ അവർക്ക് പുറത്തെടുക്കേണ്ടിവന്നു. ചളിയിൽപൂണ്ടുപോയ വീലുകൾ പൊക്കിയെടുക്കുമ്പോൾ ചളിയുടെ ഒരു കുന്നുതന്നെ ഒപ്പം ഉയർന്നുവന്നു. പിന്നിൽനിന്ന് തള്ളുന്നവരുടെ കോലംതന്നെ മാറിപ്പോയി.

വെളുപ്പിന് ഒന്നരമണി രണ്ടുമണിവരെ ഈ വളണ്ടിയർമാർ നിത്യവും കഠിനാധ്വാനം ചെയ്തു. യുഗാണ്ടയിലെ ഒരു മന്ത്രി നമ്മുടെ ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹമാണ് യുഗാണ്ട പ്രസിഡന്റിന്റെ സന്ദേശം വായിച്ചുകേൾപ്പിച്ചത്. അദ്ദേഹം എന്നോട് പറഞ്ഞു. സകല ജോലികളും ചെയ്യുന്ന ഈ വളണ്ടിയർമാർ എന്നെ വളരെ ആകർഷിച്ചിരിക്കുന്നു. വിവിധ വിഭാഗങ്ങളിൽ, വിദ്യാസമ്പന്നരായിട്ടുള്ളവർ ഭൗതികമായി ഒരു നേട്ടവും ആഗ്രഹിക്കാതെ ജമാഅത്തിനും അല്ലാഹുവിനും വേണ്ടിമാത്രം കഠിനാധ്വാനത്തോടും വിനയത്തോടുംകൂടി പൈസ കൊടുത്താൽപോലും ചെയ്യാൻ മടിക്കുന്ന ജോലികൾ ചെയ്തതായിട്ട് ഞാൻ കണ്ടു. ഞാനദ്ദേഹത്തോട് പറഞ്ഞു: ഇതാണ് അഹ്മദികളുടെ സൗന്ദര്യം. തന്നെ വിശ്വസിക്കുന്നവരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വരുത്തിയ വിപ്ലവമാണിത്. ജമാഅത്തിന്റെ ജോലി ചെയ്യുന്നതിന് ഒരു പ്രത്യേക ഉത്സാഹമുണ്ടാകുന്നു. എന്താണ് മുന്നിലുള്ളതെന്ന് അപ്പോൾ ആരും നോക്കാറില്ല. ചെയ്യാൻ തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ അതിലേക്കിറങ്ങുകതന്നെ. ഈ ആവേശം അല്ലാഹുവിന്റെ അനുഗ്രഹത്താൽ സകല അഹ്മദികളിലുമുണ്ട്. ഓരോ രാജ്യത്തിലേയും ജമാഅത്തിലുമുണ്ട്. ഈ ഉദ്യോഗസ്ഥന്മാർ ജൽസയുടെ ദിനങ്ങളിൽ രാത്രി മുഴുവൻ ഉറക്കമിളച്ച് മഴ നനഞ്ഞ് പ്രവർത്തിച്ചു. തങ്ങളിൽ അർപ്പിതമായ ജോലിക്ക് എന്തെങ്കിലും ദോഷം ബാധിക്കാൻ അവരനുവദിച്ചില്ല. ചിലരുടെ കൈയിൽ മഴക്കോട്ടുമുണ്ടായിരുന്നില്ല. കുട പിടിച്ചുകൊണ്ട് ജോലി ചെയ്യാൻ കഴിയുകയില്ല. പക്ഷേ, മഴക്കോട്ടും കിട്ടാനുണ്ടായിരുന്നില്ല. എന്നല്ല ലണ്ടനിലും മറ്റു പട്ടണങ്ങളിലുംനിന്ന് റബ്ബറിന്റെ ബൂട്ടും (മുട്ടോളം വലുപ്പമുള്ള) ജൽസയിൽ പങ്കെടുത്തവരും വളണ്ടിയർമാരും വാങ്ങി. അതും എല്ലാ കടകളിലും തീർന്നുപോയി. അങ്ങനെ നമ്മുടെ ജൽസ

കൊണ്ട് ഇവിടുത്തെ വ്യാപാരികൾക്കും നേട്ടമുണ്ടായി.

അല്ലാഹു എല്ലാ പ്രവൃത്തികൾക്കും നല്ല പ്രതിഫലം നല്കുമാറാകട്ടെ. ഈമാനിലും തഖ്‌വയിലും അഭിവൃദ്ധി നല്കുമാറാകട്ടെ. ഭാവിയിൽ മുമ്പത്തേക്കാൾ കൂടുതൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യാൻ സൗഭാഗ്യം നല്കുമാറാകട്ടെ.

നബി(സ)ന്റെ ***മൻല്ലാ യശ്ക്കുറുന്നാസ ലാ യശ്ക്കുറുല്ലാഹ്*** ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോട് നന്ദി കാണിക്കാത്തവനാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ എല്ലാ ഉദ്യോഗസ്ഥന്മാർക്കും നന്ദി പറഞ്ഞുകൊള്ളുന്നു. അല്ലാഹു എല്ലാവർക്കും സൽഫലം പ്രദാനം ചെയ്യട്ടെ. നമ്മൾ എപ്പോഴും ഓർക്കേണ്ട കാര്യമാണ്, അല്ലാഹുവിനോട് നന്ദി കാണിച്ചുകൊണ്ട് ജീവിക്കുന്ന അവന്റെ ദാസന്മാർ അവർക്കാരിൽനിന്നെങ്കിലും എന്തെങ്കിലും അനുഗ്രഹം കിട്ടിയാൽ അവരോടും അവർ നന്ദിയുള്ളവരായിരിക്കും. ഈ വളണ്ടിയർമാർ തങ്ങളുടെ ആരോഗ്യം വകവയ്ക്കാതെ 24 മണിക്കൂറും കഠിനാധ്വാനം ചെയ്തു. ചിലപ്പോൾ ഒന്നോ രണ്ടോ മണിക്കൂറായിരിക്കും അവർ ഉറങ്ങിയിട്ടുണ്ടാവുക. മറ്റുള്ളവർക്ക് ആശ്വാസം പകരാനാണ് അവർ ഇങ്ങനെ പ്രവർത്തിച്ചത്. അതുകൊണ്ട് ജൽസയിൽ പങ്കെടുത്ത ഓരോരുത്തരും അവരോട് നന്ദി കാണിക്കേണ്ടതാണ്. അതിനുള്ള ഏറ്റവും നല്ല മാർഗ്ഗം അവർക്കുവേണ്ടി ദുആ ചെയ്യുക എന്നതാണ്. അല്ലാഹു അവരെയെല്ലാം ആദ്യത്തേക്കാൾ കൂടുതൽ അനുഗ്രഹങ്ങൾക്കവകാശികളാക്കട്ടെ. എന്തെങ്കിലും തെറ്റുകൾ അവരിൽനിന്നുണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം മറന്നുകളയുക.

ചെറിയ പെൺകുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ എല്ലാവരും നിസ്വാർത്ഥരായിക്കൊണ്ട് ഈ സേവനം നിറവേറ്റി. ഉദ്യോഗസ്ഥന്മാരോട് ഞാൻ പറയുകയാണ്. നിങ്ങളും അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുക. നിങ്ങൾക്ക് അല്ലാഹു ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സൈന്യത്തിൽ ചേരുവാനുള്ള തൗഫീഖ് നല്കി. ആ മഹാത്മാവിന്റെ അതിഥികളെ സേവിക്കാനുള്ള സുവർണാവസരം നല്കി. ഓർമ്മിക്കുക വരും വർഷത്തെ വെല്ലുവിളി വളരെ വലുതാണ്. അതിനെ ഒരിക്കലും തണുക്കാൻ അനുവദിക്കരുത്. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

എം.ടി.എ പ്രവർത്തകർ 24 മണിക്കൂറും വളരെ നല്ലനിലയിൽ പരിപാടികൾ കവറേജ് ചെയ്തു. ഇതിനെ സംബന്ധിച്ച് നിരവധി കത്തുകൾ എം.ടി.എക്കും എനിക്കും വരുന്നുണ്ട്. ലോകത്ത് പരന്നുകിടക്കുന്ന അഹ്മദികൾ അങ്ങേയറ്റം ഉത്സാഹഭരിതരാണ്. നന്ദി വികാരത്താൽ അവരുടെ ഹൃദയം നിറഞ്ഞിരിക്കുന്നു. പ്രത്യേകിച്ച്, പാക്കിസ്ഥാനിൽനിന്ന് നിരവധി കത്തുകളാണ് വന്നുകൊണ്ടിരിക്കുന്നത്. എം.ടി.എയുടെ പ്രവർത്തകർക്കുവേണ്ടി ദുആ ചെയ്യുന്നുണ്ടെന്നും ആത്മീയ ഭക്ഷണത്തളികയിൽനിന്ന് തങ്ങളെ ഒരിക്കലും മാറ്റിനിറുത്തിയില്ല എന്നും അവർ വികാരനിർഭരമായ നിലയിൽ എഴുതിയറിയിച്ചിരിക്കുന്നു.

എം.ടി.എ പ്രവർത്തകർ ആരോഗ്യം വകവയ്ക്കാതെ പ്രവർത്തിച്ചു. ജനങ്ങൾക്ക് നേരിട്ട് പരിപാടികളെത്തിക്കാൻ വേണ്ടി കഠിനാധ്വാനം ചെയ്തു. ചിലർ എഴുതിയത് തങ്ങൾ ജൽസ ഗാഹിലിരിക്കുന്നതപോലെ അനുഭവപ്പെട്ടുവെന്നാണ്. എം.ടി.എയുടെ പ്രവർത്തകരും ലോകഅഹ്മദികളുടെ നന്ദിക്കർഹരാണ്. ചിലരെക്കുറിച്ച് എനിക്കറിയാൻ കഴിഞ്ഞത് ദിവസങ്ങളായിട്ട് വേണ്ടവിധം അവർക്ക് ഉറങ്ങാൻ കഴിഞ്ഞില്ലെന്നാണ്. കാരണം ലൈവ് പ്രോഗ്രാം സംപ്രേഷണം ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കുന്നതിനുവേണ്ടി ദിവസങ്ങൾക്കുമുമ്പേ അവർക്ക് പ്രവർത്തിക്കേണ്ടതുണ്ടായിരുന്നു. ഒരാളെക്കുറിച്ച് പറയുന്നത് ചളിയിൽ വീണപ്പോൾ അവിടെ കിടന്നുറങ്ങിപ്പോയെന്നാണ്. സഹപ്രവർത്തകർ വന്നുവിളിച്ചപ്പോഴാണ് താനുറങ്ങുകയാണെന്ന് അയാളറിഞ്ഞത്. താനെങ്ങനെ അവിടെ വീണുവെന്നോ എങ്ങനെ അവിടെ കിടന്നുവെന്നോ ഒന്നും അയാൾക്കറിയില്ലായിരുന്നു. താഴെ വീണപ്പോൾ ക്ഷീണംകൊണ്ട് ഉറങ്ങിപ്പോയി.

ഇത്തരം മാതൃക ഭൗതികലോകത്ത് കാണാൻ കഴിയുമോ? അതുകൊണ്ട് എം.ടി.എയുടെ പ്രവർത്തകർക്കു വേണ്ടിയും ഒരുപാട് ദുആ ചെയ്യുക. ഇതാണ് അവരോട് നന്ദി കാണിക്കുന്നതിനുള്ള മാർഗ്ഗം. അവരിലധികവും വളണ്ടിയർമാരാണ്.

യുഗാണ്ടയിലെ മന്ത്രി പറഞ്ഞകാര്യം ഉദാഹരണമെന്നോണം ഞാൻ നിങ്ങളോട് പറഞ്ഞു. ഇപ്രകാരം തന്നെ ചില പ്രൊഫസർമാരും ഓഫീസർമാരും മറ്റു രാജ്യങ്ങളിൽനിന്ന് വന്നിരുന്നു. അവരാരും അഹ്മദികളല്ല. കിർഗിസ്ഥാൻ, കസാക്കിസ്ഥാൻ, നൈജീരിയ, മൊറാക്കിഷ് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് വന്നവരാണവർ. എല്ലാവരോടും ഞാൻ അവരുടെ അഭിപ്രായം ചോദിച്ചിരുന്നു. ഓരോരുത്തരേയും ജൽസയിലെ പരിപാടികളെല്ലാം അങ്ങേയറ്റം ആകർഷിച്ചു. നിങ്ങൾ സമർപ്പിക്കുന്ന ഇസ്‌ലാമാണ് യഥാർത്ഥ ഇസ്‌ലാമെന്നും ഒരു പ്രൊഫസർ പറഞ്ഞു. കാലാവസ്ഥയ്ക്ക് നിങ്ങളെ എന്താണ് ചെയ്യാൻ കഴിയുക, അങ്ങ് ജനങ്ങളോട് പന്തലിൽനിന്ന് പുറത്തുപോയി സുജൂദ് ചെയ്യാൻ പറഞ്ഞാൽ ഇവരെല്ലാം ഉടനെ പുറത്തുപോവുകയും സുജൂദ് ചെയ്യുകയും ചെയ്യും. അവർക്ക് ഇതൊന്നും ഒരു പ്രശ്നമല്ല.

ഇക്കാര്യങ്ങൾ കേൾക്കുമ്പോൾ നന്ദി കാണിക്കാൻ കൂടുതൽ പ്രചോദനം നമുക്കുണ്ടാകുന്നു. അല്ലാഹു ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയ പരിശുദ്ധ ശക്തിപ്രഭാവം കാരണം ആ മഹാത്മാവിന് അനുസരണത്തിന്റേയും ത്യാഗത്തിന്റേയും മാതൃക കാണിക്കുന്ന ജമാഅത്ത് നല്കപ്പെട്ടു.

ഇപ്രാവശ്യം അമേരിക്കക്കാരുടെ ഒരു സംഘമെത്തിയിരുന്നു. വലിയൊരു സംഘമായിരുന്നു അത്. ചില പുതിയ അഹ്മദികളും അതിലുണ്ടായിരുന്നു. എല്ലാവരും യുവാക്കളായിരുന്നു. ജൽസയുടെ പരിപാടികൾ കണ്ടുകൊണ്ട് ഞാനുമായി കൂടിക്കാഴ്ച നടത്താനെത്തി

യപ്പോൾ അവർ ആവേശഭരിതരായിത്തീർന്നു. തങ്ങളുടെ നാട്ടിലും അവർ ജൽസ കാണാറുണ്ട്. പക്ഷേ അവർ പറയുന്നത് ഈ ജൽസയുടെ ആകർഷണം ഒന്നു വേറെയായിരുന്നു എന്നാണ്. ഈ ജൽസയുടെ അന്തരീക്ഷംതന്നെ വേറൊന്നായിട്ടായിരുന്നു അവർക്കനുഭവപ്പെട്ടത്. കാലാവസ്ഥ മോശമായിട്ടും പങ്കെടുത്തവരുടേയും പ്രത്യേകിച്ച് ഉദ്യോഗസ്ഥന്മാരുടെ ആത്മാർത്ഥതയും കൂറുംകണ്ട് ഇവരിലും ഒരു പുതിയ ആത്മാവുണ്ടായി. വളരെ ഉയർന്നനിലയിലുള്ള സ്നേഹത്തേയും സാഹോദര്യബന്ധത്തേയും അവരവിടെ കണ്ടു. അതിന്റെ വിവരണം വളരെ വലുതാണ്. അത് വിശദീകരിക്കുക പ്രയാസവുമാണ്. അവരുടെ വാക്കുകളിൽ അത് പറയുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം അസംഭാവ്യമാണ്.

ഇപ്രകാരംതന്നെ കാനഡയിൽനിന്നു വന്ന അമീർ സാഹിബ് എഴുതിയറിയിച്ചു: കാലാവസ്ഥ കടുത്തപ്പോൾ ജനങ്ങൾ കുറയുമെന്നാണ് എനിക്ക് തോന്നിയത്. പക്ഷേ, അതിനു നേരെ വിരുദ്ധമാണ് അവിടെ കാണാൻ കഴിഞ്ഞത്. സ്ത്രീകൾ അവരുടെ കുഞ്ഞുങ്ങളെ ചെറിയ വീൽചെയറിലിരുത്തി തള്ളിക്കൊണ്ടുപോകുമ്പോൾ ചളി തെറിച്ച് അവരുടെ ദേഹത്ത് വീഴുന്നത് കാണാമായിരുന്നു. പക്ഷേ, അതൊന്നും അവർ ഗൗനിക്കാതെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസ പരിപാടികളിൽ പങ്കെടുത്തു. സ്ത്രീകൾ വരികയില്ലെന്ന് ആരോ എന്നോടും പറഞ്ഞിരുന്നു. വരികയാണെങ്കിൽത്തന്നെ കുറച്ചേ വരികയുള്ളൂവെന്നും പറഞ്ഞിരുന്നു. ആഭരണങ്ങളും വസ്ത്രങ്ങളും പ്രദർശിപ്പിക്കാൻവേണ്ടി വരുന്നവർ മാത്രമേ കുറയുകയുള്ളൂ. ബാക്കിയെല്ലാവരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ എത്തുമെന്നാണ് ഞാനതിന് മറുപടി കൊടുത്തത്. എന്തായാലും ഈ ജൽസ അതിന്റെ എല്ലാ അനുഗ്രഹങ്ങളും നല്കിക്കൊണ്ട് കടന്നുപോയി. ഈ ജൽസയിൽ പങ്കെടുത്ത ഓരോ അഹ്മദിയും അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടതാണ്. കാരണം ഇതുതന്നെയാണ് നമ്മെ കൂടുതൽ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാക്കുന്നത്. അല്ലാഹു ഇതുസംബന്ധമായി വാഗ്ദാനം ചെയ്തിട്ടുണ്ട്. ***ലയിൻ ശകർതും ല അസീ ദന്നക്കും*** നിങ്ങൾ നന്ദി കാണിക്കുന്നവരാകുകയാണെങ്കിൽ നിങ്ങൾക്ക് ഇനിയും കൂടുതൽ നല്കുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിനോട് നന്ദി കാണിച്ചുകൊണ്ടിരിക്കുക. അടുത്തവർഷം മുമ്പത്തേക്കാൾക്കൂടുതൽ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നമ്മുടെ ബലഹീനതകളും വീഴ്ചകളും മറച്ചുവയ്ക്കുമാറാകട്ടെ. ഈ ജൽസയുടെ അനുഭവത്തിൽനിന്ന് യുകെ ജമാഅത്ത് മാത്രം ഫലമെടുത്താൽ പോരാ. ലോകത്തുള്ള സകല ജമാഅത്തുകളും സംഘാടകരും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കാര്യങ്ങളും വിലയിരുത്തേണ്ടതാണ്. കാരണം മറ്റുള്ളതിനെ പ്രയോജനപ്പെടുത്തുക എന്നതും ബുദ്ധിയാണ്. അടുത്തവർഷം ഇൻശാഅല്ലാഹ് നമ്മൾ ഖിലാഫത്ത് ജൂബിലിയുടെ ജൽസ സംഘടിപ്പിക്കേണ്ടതുണ്ട്. അതിനുള്ള ഒരുക്കങ്ങൾ വളരെ വിശാലമായിരിക്കും. ഇവിടുത്തെ സംഘാടകർ റെഡ്ബുക്കിൽ തങ്ങളുടെ പോരായ്മകൾ രേഖപ്പെടുത്തിയിട്ടുണ്ടാകും. അതിലുണ്ടായ പോരായ്മകൾ അവർ പരിഹരിക്കുകയും ചെയ്യും. പക്ഷേ, ഇവിടെ വന്നിട്ടുള്ള മറ്റു പ്രതിനിധികളും തങ്ങളുടെ ബലഹീനതകളെ ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ കണ്ട പോരായ്മകൾ വരാതിരിക്കാൻ അവരെല്ലാം അത് നോട്ട് ചെയ്യുകയും അതനുസരിച്ച് തെറ്റ് തിരുത്തുകയും വേണ്ടതാണ്. ഇൻശാഅല്ലാഹ് അല്ലാഹു അനുഗ്രഹിച്ചാൽ ചില രാജ്യങ്ങളിൽ ഞാൻ പങ്കെടുക്കുന്നതാണ്. ആ ജൽസകളിൽ കൂടുതൽ ഏർപ്പാട് ചെയ്യേണ്ടിവരും, കൂടുതൽ വശങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടിവരും. ഇതിന്റെ അടിസ്ഥാനത്തിൽ ലോകത്തുള്ള സകല ജമാഅത്തുകളും ഓരോ കാര്യങ്ങളും വിലയിരുത്തുക. എപ്പോഴും ഓരോ അഹ്മദിയും ഓർമ്മവയ്ക്കുക, തഖ്‌വ ഉണ്ടായെങ്കിൽ മാത്രമേ നന്ദി കാണിക്കുന്നതിനുള്ള ആവേശം കൂടുകയുള്ളൂ.

***ഫത്തഖുല്ലാഹ ലഅല്ലകും തശ്കുറൂൻ*** അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് മാത്രമേ അവനോട് നന്ദി കാണിക്കാനും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാനും കഴിയുകയുള്ളൂ.

ഈ ജൽസയിൽ പങ്കെടുത്തതിന്റെ ഫലവും കിട്ടുന്നത് അപ്പോഴാണ്. ഏതൊരുദ്ദേശ്യത്തിനു വേണ്ടിയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിക്കപ്പെട്ടത് ആ ഉദ്ദേശ്യം കരസ്ഥമാക്കുന്നവരായിത്തീരുന്നതും അപ്പോഴാണ്. ഇങ്ങനെ നാം ജീവിക്കുമ്പോൾ യഥാർത്ഥ നന്ദിയുള്ളവരായിത്തീർന്നുകൊണ്ട് അല്ലാഹു പറഞ്ഞ വാഗ്ദാനമനുസരിച്ച് കൂടുതൽ അനുഗ്രഹങ്ങൾക്ക് അവകാശികളാകും. മുമ്പത്തേക്കാൾ അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹങ്ങളും നമ്മുടെമേൽ പെയ്തിറങ്ങും.

വീണ്ടും ഞാൻ പറയുകയാണ്. ഓരോ അഹ്മദിക്കും മസീഹ് മൗഊദ്(അ)ന്റെ കാലം പ്രാപിക്കാനും ആ മഹാത്മാവിനെ വിശ്വസിക്കാനും ഭാഗ്യം കിട്ടി. ആ മഹാത്മാവിന്റെ ക്ഷണമനുസരിച്ച് ഈ ജൽസയിൽ വന്ന് പങ്കുകൊള്ളാനും അവന്റെ അനുഗ്രഹങ്ങളിറങ്ങുന്നത് കാണാനും കഴിഞ്ഞു. പ്രവർത്തകരുടെ ആത്മാർത്ഥതയും കൂറും നിങ്ങൾ നേരിൽ കണ്ടു. ഈ നന്ദിവികാരം എത്രത്തോളം നിങ്ങൾക്കുണ്ടാകുമോ അത്രത്തോളം തഖ്‌വയിൽ ഉയരാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരായിത്തീരാനും കഴിയും. ഇൻശാഅല്ലാഹ്. അല്ലാഹു എല്ലാവർക്കും അതിന് സൗഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 3.8.2007 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala